കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ - മൂന്നാർ ഹിൽ ഏരിയ അതോറിറ്റി - IMPACT Kerala-യെ Special Function Agency-യായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (കൈ.) നം. 88/2024/തസ്വഭവ. *തിരുവനന്തപുരം, തീയതി , 11-07-2024*

---

*പരാമർശം:-*
1. 20/4/2023-ലെ സ.ഉ.(കൈ) നം. 96/2023/തസ്വഭവ നമ്പർ ഉത്തരവ്.
2. 2/9/2023-ലെ എസ്.ആർ.ഒ. നം. 922/2023 നമ്പർ വിജ്ഞാപനം.
3. മുഖ്യനഗരാസൂത്രകന്റെ 29/5/2024-ലെ LSGD/PD/31954/TCPB2 നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒപ്പം ഈ പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി ഒരു വികസന അതോറിറ്റി രൂപീകരിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ ഭാഗമായി പ്രസ്തുത പ്രദേശത്തെ ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി പരാമർശം (2) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

(2) പരാമർശം (2) പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ജോയിന്റ് ആസൂത്രണ പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും, അനുബന്ധ പ്രവർത്തനങ്ങൾക്കുമായി IMPACT Kerala-യെ Special Function Agency ആയി നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, പരാമർശം (2) പ്രകാരം വിജ്ഞാപനം

ചെയ്ത ജോയിന്റ് ആസൂത്രണ പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി IMPACT Kerala-യെ Special Function Agency ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാരി പി.
ജോയിന്റ് സെക്രട്ടറി.

പകർപ്പ്:

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്, കേരള.
3. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, IMPACT Kerala.
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഐ.കെ.എം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.